# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/171/2017 പത്രക്കുറിപ്പ് 2017 ആഗസ്റ്റ് 16

**എം. ജി. ബിരുദ ഏകജാലക പ്രവേശനം : ഫൈനൽ അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ നാളെ (ആഗസ്റ്റ് 18) വരെ.**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിനുള്ള ഫൈനൽ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടുന്നതിന് നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും വേണ്ടി ഫൈനൽ അലോട്ട്മെന്റിന് നാളെ (ആഗസ്റ്റ് 18) വരെ ഓപ്ഷൻ രജിസ്ട്രേഷൻ നൽകാം. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദായവർക്കും പ്രത്യേകമായി ഫീസ് അടക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. ഇതിനായി 18 ന് വൈകുന്നേരം 5 മണി വരെ പുതുതതായി ഓപ്ഷൻ നൽകാവുന്നതാണ്. ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി അപേക്ഷകർ തന്റെ നിലിവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും ഉപയോഗിച്ച ലോഗിൻ ചെയ്യുകയും പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കേണ്ടതുമാണ്. ലോഗിൻ ചെയ്ത ശേഷം അപേക്ഷകനു താൻ നേരത്തേ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തെറ്റുകൾ കടന്നുകൂടിയിട്ടുങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണം. അപേക്ഷയുടേയോ ഓപ്ഷനുകളുടേയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷന് www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

കേരള സർക്കാരിന്റെയും ഹൈക്കോടതിയുടെയും നിർദ്ദേശങ്ങൾ അനുസരിച്ച് ഇത്തവണ മുതൽ കോളേജുകളിൽ സ്പോട്ട് അലോട്ട്മെന്റ് അനുവദിക്കുന്നതല്ല. ആയതിനാൽ യു. ജി. പ്രോഗ്രാമുകളിലെ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഫൈനൽ അലോട്ട്മെന്റിലൂടെ ഓപ്ഷൻ നൽകേണ്ടതാണ്. മാനേജ്മെന്റ് കമ്മ്യൂണിറ്റി ക്വോട്ടാകളിലെ പ്രവേശന നടപടികളും ആഗസ്റ്റ് 29 നകം പൂർത്തീകരിക്കേണ്ടതാണ്.

**പരീക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എൽ. എൽ. ബി. ഡിഗ്രി പരീക്ഷകൾ സെപ്റ്റംബർ 20 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ആഗസ്റ്റ് 22 വരെയും, 50 രൂപ പിഴയോടെ 23 വരെയും, 500 രൂപ സൂപ്പർഫൈനോടെ 25 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ (പരമാവധി 100) വീതവും സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

ആറാം സെമസ്റ്റർ ബി. വോക് (2014 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 22 ന് ആരംഭിക്കും.

ഒന്നും രണ്ടും സെമസ്റ്റർ എം. എ തമിഴ് (സി. എസ്. എസ് - 2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 23 ന് ആരംഭിക്കും. ഇന്റേർണൽ മാർക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ അപ്‌ലോഡ് ചെയ്യാത്ത കോളേജുകളിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്. അപേക്ഷകൾ പിഴയില്ലാതെ ആഗസ്റ്റ് 19 വരെ സ്വീകരിക്കും.

**മേഴ്സിചാൻസ് പരീക്ഷ**

ബി. എ/ബി. എസ്‌സി, ബി. കോം/ബി. എ മൾട്ടീമീഡിയ (വൊക്കേഷണൽ മോഡൽ രണ്ട് - 2009 ന് മുൻപുള്ള അഡ്മിഷൻ) വിദ്യാർത്ഥികളുടെ അവസാന മേഴ്സിചാൻസ് ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 18 ന് ആരംഭിക്കും. കോട്ടയം പത്തനംതിട്ട ജില്ലകളിലെ കോളേജുകൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ കോട്ടയം ഗവ. കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെയും, ഇടുക്കി ജില്ലയിലെ കോളേജുകൾ പരിക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ മൂലമറ്റം സെന്റ് ജോസഫ് കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെയും, എറണാകുളം ജില്ലയിലെ കോളേജുകൾ

പരിക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ തൃക്കാക്കര ഭാരതമാതാ കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെയും പരീക്ഷ എഴുതണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 ഒക്ടോബറിൽ നടത്തിയ ആറാം സെമസ്റ്റർ ബി. എ കോർപ്പറേറ്റ് ഇക്കണോമിക്സ് മോഡൽ മൂന്ന് (2014 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ആഗസ്റ്റ് 26 വരെ സ്വീകരിക്കും.

**മത്സരപരീക്ഷാ പരിശീലനം**

കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് സഹകരണവകുപ്പിലെ ജൂനിയർ ക്ലാർക്ക് തസ്തികകളിലേക്കുള്ള നിയമനത്തിനായി നടത്തുന്ന മത്സര പരീക്ഷയ്ക്കുള്ള പരിശീലനം മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദവിവരങ്ങൾക്ക് ഫോൺ : 0481 – 2731025, 7559940413.

**പ്രൊജക്റ്റ് ഫെലോ ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ “Self assembled nano structured silica graphene oxide core-shell particle reinforced natural rubber composites” എന്ന ഡി. എസ്. റ്റി പ്രോജക്റ്റിൽ പ്രോജക്റ്റ് ഫെലോ ഒഴിവിൽ അപേക്ഷകൾ ക്ഷണിക്കുന്നു. 2 വർഷമാണ് പ്രോജക്റ്റ് കാലാവധി. പ്രതിമാസം 25,000/- രൂപ ഫെലോഷിപ്പ് ലഭിക്കും. റബ്ബർ ടെക്നോളജി, പോളിമർ ടെക്നോളജി, കെമിക്കൽ ടെക്നോളജി, നാനോ ടെക്നോളജി എന്നിവയിൽ 60 % മാർക്കോടു കൂടിയ ബിരുദാനന്തര ബിരുദവും ഗേറ്റ് സ്കോറും അല്ലെങ്കിൽ കെമിസ്ട്രിയിൽ 60 % മാർക്കോടുകൂടിയ ബിരുദനന്തരബിരുദവും യു. ജി. സി/സി. എസ്. ഐ. ആർ നെറ്റുമാണ് യോഗ്യത. അപേക്ഷകൾ പ്രൊഫ. സാബു തോമസ്, ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജി, മഹാത്മാഗാന്ധി സർവ്വകലാശാലാ, പി. ഡി. ഹിൽസ് (പി.ഒ), കോട്ടയം – 686 560 എന്ന വിലാസത്തിൽ ആഗസ്റ്റ് 29 വരെ സ്വീകരിക്കും.

**കോളേജു യൂണിയൻ തെരഞ്ഞെടുപ്പ് : സമയക്രമത്തിൽ മാറ്റം**

എം. ജി സർവ്വകലാശാലയുടെ കീഴിൽ ആഗസ്റ്റ് 18 ന് നടക്കുന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ വോട്ടെടുപ്പിന്റെയും വോട്ടെണ്ണലിന്റെയും സമയക്രമത്തിൽ മാറ്റം വരുത്തിയിരിക്കുന്നു. പുതുക്കിയ സമയക്രമം www.mg.ac.in എന്ന സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. തെരഞ്ഞെടുപ്പിനുള്ള പുതുക്കിയ സമയക്രമം പാലിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

**എം. ജി. യിൽ പ്രസാധക ഗവേഷക സംവാദം ഇന്ന്.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റേർണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ (ഐ.ക്യൂ.എ.എ.സി) ആഭിമുഖ്യത്തിൽ പുസ്തക പ്രസാധകരും ഗവേഷകരുമായുള്ള സംവാദം ഇന്ന് (ആഗസ്റ്റ് 17) ഉച്ചയ്ക്ക് 2.00 മണി മുതൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. എൽസ്‌വെയർ പബ്ലിഷിംഗ് കമ്പനിയുടെ സീനിയർ പ്രസാധക ഡോ. ഗ്രീഷ്മാ നായർ മുഖ്യ പ്രഭാഷണം നടത്തും. ഡോ. സാബു തോമസ്, ഡോ. റോബിനറ്റ് ജേക്കബ് തുടങ്ങിയവർ നേതൃത്വം നൽകും.

**റേഷൻകാർഡ് ഹാജരാക്കണം.**

മഹാത്മാഗാന്ധി സർവ്വകലാശാലാ അധ്യാപകരും, ജീവനക്കാരും, പെൻഷൻകാരും തങ്ങളുടെ പേരുൾപ്പെടുന്ന പുതിയ റേഷൻ കാർഡുകൾ, പകർപ്പുസഹിതം ആഗസ്റ്റ് 20 നു മുൻപായി ബന്ധപ്പെട്ട സർവ്വകലാശാലാ സെക്ഷനുകളിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**എം. ജി. യിൽ സ്വാതന്ത്ര്യ ദിനാഘോഷം.**

രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യ ദിനം എം.ജി സർവ്വകലാശാലയിലും സമുചിതമായി ആഘോഷിച്ചു. സർവ്വകലാ ശാലാ അങ്കണത്തിൽ വൈസ്ചാൻസിലർ ഡോ : ബാബുസെബാസ്റ്റ്യൻ ദേശീയ പതാക ഉയർത്തി. തുടർന്ന് സെക്യൂരിറ്റി വിഭാഗം ജീവനക്കാരുടെ ഗാർഡ് ഓഫ് ഓണർ സ്വികരിക്കുകയും സ്വാതന്ത്ര്യ ദിന സന്ദേശം നൽകു കയും ചെയ്തു. ചടങ്ങിൽ രജിസ്ട്രാർ എം.ആർ.ഉണ്ണി, പരീക്ഷാ കൺട്രോളർ ഡോ : തോമസ് ജോൺ, അസി : സെക്യൂരിറ്റി ഓഫീസർ സി.എൻ.രാജു എന്നിവർ പങ്കെടുത്തു.

**അടിക്കുറിപ്പ്**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് എം.ജി സർവ്വകലാശാലയിൽ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ദേശീയ പതാക ഉയർത്തുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**